## (3.) ചായൽപ്പടി– ആങ്ങമൂഴി സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

ക്രിസ്തു ശിഷ്യനായ മാർത്തോമ്മശ്ലീഹായുടെ പാദസ്പർശനമേറ്റ ചായൽപ്പടി സെന്റ് തോമസ് ദേവാലയം പത്തനംതിട്ടയിൽ നിന്നും ഉദ്ദേശം 43കി.മി. വടക്കുകിഴക്ക് സീതത്തോടു പഞ്ചായത്തിൽ പത്തനംതിട്ട– മൂഴിയാർ പൊതുനിരത്തിനു കിഴക്കുമാറി സ്ഥിതിചെയ്യുന്നു. ഈ ദേവാലയത്തിന് 40– ൽ പരം വർഷത്തെ പഴക്കമുണ്ട്. നാനാജാതിമതസ്ഥർ ഉൾപ്പെടുന്നതാണ് ഇവിടുത്തെ ജനവിഭാഗം. കൂടുതൽ ആളുകളും കൃഷി ചെയ്ത് ജീവിക്കുന്നു. ഇവരിൽ ഹിന്ദുക്കളാണ് അധികവും എങ്കിലും എല്ലാ വിഭാഗം ആളുകളും സൗഹാർദതയോടെയും കഴിയുന്നു.

പ്രകൃതി രമണീയതകൊണ്ട് അനുഗ്രഹിക്കപ്പെട്ടതാണീ പ്രദേശം. പള്ളിയുടെ ചുറ്റുമുള്ളകുന്നിൻ പ്രദേശം സദാപച്ചപിടിച്ച് നിൽക്കുന്നു. ഇതിന്റെ കിഴക്കേ അറ്റം ദേവർമല എന്നറിയപ്പെടുന്നു. ദൈവത്തിന്റെ മല എന്ന അർത്ഥത്തിലാണ് ഈ പേർ കിട്ടിയിരിക്കുന്നത്. ചായൽപ്പടി പള്ളിയുടെ തെക്കുവശം പഞ്ഞിപ്പാറയാണ്. പുരാതന കാലം മുതൽ തന്നെ സംസ്കാരമുള്ള ഒരു ജനവിഭാഗം ഇവിടെ താമസിച്ചിരുന്നുവെന്ന് വ്യക്തമായ തെളിവുകളുണ്ട്. തകർന്നടിഞ്ഞ വീടുകളുടെ അവശിഷ്ടങ്ങൾ, അവർ ഉപയോഗിച്ചിരുന്ന ശിലകളിൽ രൂപപ്പെടുത്തിയെടുത്ത ദേവരുപങ്ങൾ പല തരത്തിലുള്ള പണിയയുധങ്ങൾ മുതലയാവ. വന്യമൃഗങ്ങളിൽ നിന്നും രക്ഷനേടുന്നത്തിനുവേണ്ടി വീടുകൾക്കും ചുറ്റും മതിലുകളും കിടങ്ങുകളും അവർ തീർത്തിരുന്നു. അവർ ഉപയോഗിച്ചിരുന്ന ഒരു കിണർ യാതൊരു കേടുപാടുകളും കൂടാതെ ഇന്നും കാണാം. പടിഞ്ഞാർ രാജമ്പാറയാണ്. യുദ്ധത്തിൽ പരാജയപ്പെട്ട രാജാക്കന്മാർ ഒളിച്ചു താമസിച്ചിരുന്നതിവിടെയാണെന്ന് പറയപ്പെടുന്നു. രാജാക്കന്മാർ അവരുടെ പടയാളികൾക്കു പരിശീലനം നൽകിയിരുന്ന പടമലയും ഇവിടെയടുത്താണ് ആങ്ങമൂഴിയുടെ മറ്റ് അയൽ പ്രദേശങ്ങൾ കൊച്ചുകോയിക്കൽ വലിയകോയിക്കൽ (സീതത്തോട്) എന്നിവയാണ്. വടക്കുവശം മാർത്തോമ്മ ശ്ലീഹായാൽ സ്ഥാപിതമായ നിലയ്ക്കൽ ആണ്. ഹിന്ദുക്കളുടെ പുണ്യകേന്ദ്രമായ ശബരിമല ഇവിടെ നിന്നും വിദൂരത്തിലല്ല നിലയ്ക്കലി(ചായൽ)ന്റെ പടിക്കൽ സ്ഥാപിതമായ പള്ളി എന്ന അർത്ഥത്തിലാണ് ചായൽപ്പടി എന്നു പേര് ഈ ദേവലയത്തിന് കിട്ടിയത്.

**പള്ളിയുടെ ആരംഭകാലം**

മുമ്പ് സൂചിപ്പിച്ചതുപോലെ ന്യൂനപക്ഷമെങ്കിലും ക്രിസ്ത്യാനികളും ഇവിടെ കുടിയേറിപ്പാർത്തവരിൽ പ്പെടുന്നു വിവിധ സാഭാവിഭാഗങ്ങളിൽ ഉൾപ്പെട്ട ഇവർക്ക് പ്രദേശത്ത് ഒരു ആരാധനാലയം ഉണ്ടായിരുന്നില്ല. വല്ലപ്പോഴുമെങ്കിലും വളരെ ദൂരെയുള്ള പെരുന്നാട്ടിലും, പിന്നീട് സീതത്തോട്ടിലും ആരാധനയ്ക്കായി ആളുകൾ പോകുമായിരുന്നു. ആളുകളുടെ നിരന്തരമായ അഭ്യർത്ഥനയേയും ആഗ്രഹത്തേയും മാനിച്ച് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും വി.കുർബാന അർപ്പിക്കാമെന്ന് പെരുന്നാട്ടിൽ താമസിച്ചിരുന്ന വൈദികർ സമ്മതിച്ചു. അങ്ങനെ ഈ പ്രദേശത്തെ ആദ്യത്തെ വി.കുർബാന ശാമുവേൽ തെങ്ങുവിളയച്ചൻ അർപ്പിച്ചു. അത് 1966 ജനുവരി മാസം ഒന്നാം തീയതിയായിരുന്നു. ആരാധനയ്ക്കായി ഒരു ചാപ്പൽ ഉണ്ടാകുന്നതുവരെ ഇടവകാംഗങ്ങളുടെ വീടുകളിലായിരുന്നു ആരാധന നടത്തിയിരുന്നത്. ഒരു ചാപ്പൽ ഇവിടെ ഉണ്ടാവുന്നത് 1966– ലാണ്. അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി ആണ് അത് കൂദാശ ചെയ്തു തന്നത്. ചെറിയതോതിലെങ്കിലും ഇടവകയുടെ ആരംഭം ഇങ്ങനെയാണ് ഒരു പള്ളി കമ്മിറ്റിയും, സണ്ടേസ്കൂളും ഔദ്യോഗികമായി രൂപം എടുക്കുന്നതും ഈ അവസരത്തിലാണ് പള്ളി കമ്മിറ്റിയുടെ പ്രസിഡൻറ് ശ്രീ. ചൊള്ളമ്പുഴ മാത്യുവും സെക്രട്ടറി ശ്രീ. മലയിൽ കുഞ്ഞുമോനും ആയിരുന്നു. കമ്മറ്റിയുടെ ഖജാൻജി ശ്രീ. ചാക്കോ അറാക്കൽ തിരഞ്ഞെടുക്കപ്പെട്ടു. ഒരു ചെറിയ സമൂഹം ആയിരുന്നെങ്കിലും കമ്മിറ്റിയുടെയും സണ്ടേസ്കൂളിന്റേയും പ്രവർത്തനം ഭംഗിയായി തുടർന്നുവന്നു ഇതേവർഷം തന്നെ തെങ്ങുവിളയച്ചൻ സ്ഥലം മാറിപ്പോവുകയും വർഗീസ് ഇടത്തിലച്ചൻ വികാരിയായി വരികയും ചെയ്തു. ഇടവകയിൽ ലിറ്റിൽവേ അസോസിയേഷൻ എന്ന ആത്മിക സംഘടന ആരംഭിക്കുന്നത് 1968– ലാണ്. അതിലെ ഭാരവാഹികൾ ശ്രീ. പി .എസ് മാത്യു പാറയ്ക്കൽ (പ്രസിഡൻറ്) ശ്രീ. കുഞ്ഞുമോൻ മലയിൽ ശ്രീമതി ത്രേസ്യാമ്മ അറാക്കൽ (ഖജാൻജി) എന്നിവരായിരുന്നു. ഇപ്പോൾ ഇടവകയിലെ

കുടുംബങ്ങൾ 17 ആയി ഉയർന്നു. കാലവർഷ കാറ്റിലും മഴയിലുംപെട്ട് താൽക്കാലിക ചപ്പൽ നിലംപതിച്ചു. തുടർന്നുള്ള നാല് മാസക്കാലം ആരാധന നടത്തുന്നതിന് സാധിച്ചില്ല. ഈ അവസരത്തിൽ മാമ്പാറ മഠത്തിൽ നിന്നും സിസ്റ്റർ ഹൈമനൂസും സിസ്റ്റർ സോഷഫിയായും ആങ്ങമൂഴിയിൽ വന്നു. ഇടവകയിലെ വീടുകൾ സന്ദർശിച്ച് സ്ഥിതിഗതികൾ വികാരിയച്ചനെ ധരിപ്പിച്ചു. അച്ചൻ ഇടപെട്ട് മറ്റൊരു ചാപ്പൽ ഓലയും, മൺകട്ടയും ഉപയോഗിച്ച് കെട്ടിയുണ്ടാക്കി. ഈ ചാപ്പലിൽ ആഴ്ചതോറും വിശുദ്ധ കുർബാന അർപ്പിച്ചു വന്നു.

**ആശ്രമത്തിന്റെ സ്ഥാപനം**

1972-ൽ കുരിശുമല ആശ്രമത്തിൽനിന്നും റവ. ഫാദർ ഫിലിപ്പോസ് നടമല ആങ്ങമൂഴിയിൽ വന്നു. ക്രിസ്തു ശിഷ്യനായ മാർതോമാ ശ്ലീഹായുടെ ജന്മശതാബ്ദി വർഷത്തിൽ തന്നെയായിരുന്നു അത്. നിലക്കൽ പള്ളിയുടെ പുനസ്ഥാപനം സാധ്യമാക്കുക എന്ന ആഗ്രഹപ്രകാരം അഭിവന്ദ്യ പിതാവിന്റെ കൽപനയുമായി ജോർജ്ജ് പുറത്തൂട്ട് അച്ചൻ നടമല അച്ചനോടൊപ്പം ഉണ്ടായിരുന്നു. നടമല അച്ചൻ ഇവിടെ ഒരു പർണശാല ഉണ്ടാക്കി. ചാപ്പലിൽ പരിമിതമായ സൗകര്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ചാപ്പൽ ചായൽപ്പടി എന്ന് പുനർനാമകരണം ചെയ്തു. അതുപോലെതന്നെ വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിലായിരുന്ന ദേവാലയം മാർത്തോമ്മ ശ്ലീഹായുടെ നാമത്തിൽ പുന:പ്രതിഷ്ഠിച്ചു. ഇടവകക്കാരുടെ ശ്രമഫലമായി താൽക്കാലികമായി കെട്ടിയുണ്ടാക്കിയ കുടിലിൽ സ്ഥിരതാമസമാക്കി. പ്രസ്തുത കുടിലിന് ചായൽപ്പടി ആശ്രമം എന്നപേരുവന്നു. 1972 ഏപ്രിൽ എട്ടാം തീയതി ആശ്രമത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിക്കാൻ എത്തിയ അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് പിതാവ് ഒരു പുതിയ ദേവാലയത്തിന് ശിലാസ്ഥാപനം നിർവഹിച്ചു. 1973-ൽ പള്ളിയുടെ പണി ആരംഭിച്ചു. അടുത്തവർഷം തന്നെ പള്ളിക്ക് വേണ്ടി മൂഴിയാറ് പ്ലാപ്പള്ളി റോഡരികിലെ ഒരു കൽകുരിശ് സ്ഥാപിച്ചു. അവിടെനിന്നും പള്ളിയിലേക്ക് 185 പടികളുള്ള ഒരു വഴിത്താരയുടെ നിർമ്മാണം പൂർത്തിയാക്കി. തിരുവന്തപുരം അതിരൂപതയിൽപ്പെട്ട പലരുടെയും സാമ്പത്തിക സഹായം ഈ പ്രവർത്തനങ്ങൾക്ക് ഉണ്ടായിരുന്നു.

**ഏഴരപ്പള്ളികളിൽ തീർത്ഥാടനം**

1972-ൽ സെന്റ് തോമസ് ക്രൈസ്തവ സമിതി എന്ന പേരിൽ ഒരു സംഘടന രൂപികരിച്ച് നിലയ്ക്കൽ പള്ളി കാര്യത്തിനായി വിവിധ സഭകളുടെ മേലധ്യക്ഷന്മാർ ഒരുമിച്ചുകൂടി. അന്ന് എടുത്ത തീരുമാനം അനുസരിച്ച് നിരണംപള്ളിയിൽനിന്ന് സമ്മാനിച്ച പുരാതനമായ ഒരു മരക്കുരിശും ആയി നിരണത്തു നിന്ന് നിലയ്ക്കലിലേക്ക് 70 അംഗങ്ങൾ അടങ്ങുന്ന ഒരു സംഘം മൂന്ന് ദിവസം നീണ്ടു നിന്ന ഒരു തീർത്ഥാടനം നടത്തുകയുണ്ടായി. പ്രസ്തുത തീർത്ഥാടനത്തിൽ ഉപയോഗിച്ച പുരാതനമായ ആ മരക്കുരിശ് ബഹുമാനപ്പെട്ട നിരണം പള്ളി വികാരിയിൽ നിന്നും സി.എസ്.ഐ. സഭയിലെ അഭിവന്ദ്യ റ്റി.എസ് ജോസഫ് തിരുമേനി ഏറ്റുവാങ്ങി ഫിലിപ്പോസ് നടമല അച്ചനെ ഏൽപ്പിച്ചു. ആ പുരാതന കുരിശുമായി അന്നത്തെ തീർത്ഥാടകർ വിശുദ്ധ തോമാശ്ലീഹായാൽ സ്ഥാപിതമായ മറ്റു പള്ളികളെല്ലാം സന്ദർശിച്ച് അനുഗ്രഹം പ്രാപിച്ച് മൂന്നാംദിവസം നിലക്കലെ ആങ്ങമൂഴി ചായൽപ്പടി മലങ്കര കത്തോലിക്കാ പള്ളിയിൽ സാഘോഷം എത്തിച്ചേർന്നു. അന്നവിടെ കൂടിയ വലിയ ജനാവലിയുടെ സാന്നിധ്യത്തിൽ പുരാതനമായ ആ മരക്കുരിശ് തിരുവനന്തപുരം അതിരൂപതയുടെ മേലധ്യക്ഷൻ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി ആശീർവദിച്ച് ചായൽപ്പടി പള്ളി സ്ഥാപിക്കുകയുണ്ടായി. ഈ പുരാതന കുരിശിനോടൊപ്പം വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിച്ച പുരാതന പുണ്യവസ്തുക്കളും ചായൽപ്പടി പള്ളിയിൽ തീർത്ഥാടകർക്ക് ദർശനത്തിനായി സൂക്ഷിച്ചിട്ടുണ്ട്.

അങ്ങമൂഴിയിലെ വിവിധങ്ങളായ വികസന പ്രവർത്തനത്തിൽ ചായൽപ്പടി പള്ളിയും സഹകരിച്ചിട്ടുണ്ട്. തിരുവനന്തപുരം അതിരൂപതയിലെ സോഷ്യൽ വർക്ക് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ 85-ന്റെ ആനുകൂല്യത്തോടെ ഫുഡ് ഫോർ വർക്ക് സ്കീമിൽ ഉൾപ്പെടുത്തി ആങ്ങമൂഴി ജംഗ്ഷനിൽ നിന്നും തേവർ മലയുടെ ഒരു ഭാഗത്തേക്ക് ഒന്നേകാൽ കിലോമീറ്റർ നീളത്തിൽ ഒരു റോഡ് വെട്ടി. തുടർന്ന് ആങ്ങമുഴി ഇടുപ്പുകല്ല് റോഡിന്റെയും അങ്ങമൂഴിയിൽ നിന്നും ഗുരുകുലം യുപി സ്കൂളിന്റെ ഭാഗത്തേക്കുള്ള റോഡിന്റെയും വികസനത്തിൽ കാര്യമായ പങ്കുവഹിച്ചു.

**പള്ളിയുടെ കൂദാശ**

1945 ജനുവരി 22-ാം തീയതി ചായൽപ്പടി പള്ളിയുടെയും കൽകുരിശിന്റെയും കൂദാശകർമ്മം അതിരൂപതയിലെ ധാരാളം വൈദികരുടേയും വമ്പിച്ച ജനാവലിയുടെയും സാന്നിധ്യത്തിൽ അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് പിതാവ് നിർവഹിച്ചു. വിശുദ്ധ കുർബാനയ്ക്കുശേഷം പള്ളിയങ്കണത്തിൽ കൂടിയ പൊതുസമ്മേളനത്തിൽ വച്ച് മാർത്തോമാശ്ലീഹായുടെ ഒരു എണ്ണച്ഛായ ചിത്രം വടശ്ശേരിക്കര പള്ളി വികാരി മാത്യു കയ്യാലക്കൽ അച്ചനിൽ നിന്ന് അഭിവന്ദ്യ പിതാവ് ഏറ്റുവാങ്ങി പള്ളിയിൽ സ്ഥാപിച്ചു. തുടർന്നുള്ള നാളുകളിൽ പള്ളിയിലേക്ക് ആവശ്യമായ, നിരവധി ഭക്തവസ്തുക്കൾ പലരിൽ നിന്നും നേർച്ചയായി ലഭിക്കുകയുണ്ടായി. ഇതേവർഷം തന്നെ ഇടവകയുടെ ചുമതലയിലുള്ള ഒരു നേഴ്സറി സ്കൂൾ ആരംഭിച്ചു. തുടർന്ന് സ്കൂളിനുവേണ്ടി പല നല്ല ആളുകളുടെയും സംഭാവനകൾ കൊണ്ട് ഒരു കെട്ടിടം പണിക്കുവാനും ഇടവകയ്ക്കുസാധിച്ചു. 1975 മുതൽ 15 വർഷത്തേക്ക് തുടർച്ചയായി സി.ആർ.എസിന്റെ സഹായത്തോടുകൂടി ഗ്രാമത്തിലെ എല്ലാ വിഭാഗം ആളുക്കൾക്കും ഉപകരിക്കത്തക്കവിധം പല വികസന പദ്ധതികളും നടപ്പിലാക്കി. വീട് വയ്ക്കുക, കിണർ കുഴിക്കുക, കൃഷിഭൂമി നിരപ്പാക്കുക, കക്കൂസുകൾ നിർമ്മിക്കുക എന്നിവയ്ക്കുപുറമേ എം.സി.എച്ച്. പ്രോഗ്രാം വഴി ഇടവക അതിർത്തിയിലുള്ള അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം, മരുന്നുകൾ എന്നിവ എത്തിച്ചു കൊടുക്കുകയും ചെയ്തു.

1980 ബഹുമാനപ്പെട്ട വികാരിയച്ചന്റെയും ജനങ്ങളുടെയും പരിശ്രമഫലമായി കോട്ടമൺപാറ യുപി സ്കൂളിലെ ഭരണം എം.എസ്. സി. മാനേജ്മെന്റിനു കൈമാറി. കോട്ടമൺപറയിൽ 1980-ൽ തന്നെ വിശുദ്ധ യൗസേപ്പിതാവിന്റ നാമത്തിൽ ഒരു പുതിയ ഇടവകയ്ക്ക് രൂപംകൊടുത്തു. 1978-ൽ മൂലക്കയത്ത് ഒരു മിഷൻ ആരംഭിച്ച് അഭിവന്ദ്യ പിതാവ് കൂദാശ ചെയ്തതിൽ വികാരിയച്ചനും ഇടവകക്കാർക്കും കാര്യമായ പങ്കുണ്ട്. 1983-ൽ മൂലക്കയത്തിനടുത്ത് പമ്പാവാലിയിലും ഒരു കൊച്ചു ഇടവക, തിരുവന്തപുരം അതിരൂപതയുടെ കീഴിൽ ആരംഭിച്ചു. ആങ്ങമൂഴി സ്കൂളിന്റെ ഭരണചുമതല എം.എസ്.സി.മാനേജ്മെന്റിനാകുന്നത് 1985ലാണ്. 1981-ൽ ബഥനി സന്യാസിനികളുടെ ഒരു മഠം ആങ്ങമൂഴിയിൽ സ്ഥാപിതമായി. ഇപ്പോൾ ആങ്ങമൂഴിയിൽ പ്രവർത്തിച്ചുവരുന്ന പോസ്റ്റ് ഓഫീസ്, ഹോമിയോ ഡിസ്പെൻസറി ഇവ ഇടവക കെട്ടിടത്തിൽ ആണെന്നതും ഇടവകയ്ക്ക് അഭിമാനിക്കാൻ വകനൽകുന്നു. 1988 ചായൽപ്പടി ആശ്രമത്തിനു വേണ്ടി ഒരു പുതിയ കെട്ടിടം അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് കൂദാശചെയ്തു. ഇടവകയിൽ ലിറ്റിൽവെ അസ്സോസിയേഷൻ, ലിജിൻ ഓഫ് മേരി, എം സി വൈ എം, സൺഡേസ്കൂൾ, തിരുബലസഖ്യം എന്നീ ആത്മീയ സംഘടനകൾ സജീവമായി പ്രവർത്തിക്കുന്നു. ഇടവകയിലെ ആത്മീയ സംഘടനകളും അവയുടെ പ്രവർത്തനങ്ങളും നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ഈ ഇടവകയിലെ കുടുംബങ്ങളെ 6 പ്രാർത്ഥന യൂണിറ്റുകളായി തിരിച്ചിരിക്കുന്നു. ആത്മീയവളർച്ച കാര്യത്തിലെന്നപോലെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസ കാര്യത്തിലും ശ്രദ്ധകേന്ദ്രീകരിച്ചുവരുന്നു. പൊതുവേ പാവപ്പെട്ടവർ മാത്രമുള്ള ചായൽപ്പടി ഇടവകയിലെയും ഇതിനോട് അനുബന്ധപ്പെട്ട മൂലക്കയം, പമ്പാവാലി, കോട്ടമൺപാറ ഇടവകകളിലെയും വീടുകൾ ഒടുമേയുന്നതിന് സാമ്പത്തിക സഹായം ചെയ്യുന്നതിനുള്ള ഒരു പ്രത്യേക പദ്ധതിയും ഇവിടെ ആവിഷ്കരിച്ചിട്ടുണ്ട്. ഇടവകകാരുടെ വളർച്ചയോടൊപ്പം മറ്റെല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളേയും നാനാവിധ ഉയർച്ചയ്ക്കായി പ്രവർത്തിക്കുവാൻ കിട്ടുന്ന എല്ലാ അവസരങ്ങളും പ്രയോജനപ്പെടുത്തികൊണ്ടാണ് ഇതിനുപയോഗിക്കുന്നത്. നിലക്കൽ പ്രദേശത്തെ ഈ ഇടവക വിശുദ്ധ മാർത്തോമാശ്ലീഹായുടെ പൈതൃകം സ്വീകരിച്ചുകൊണ്ട് തിരുവനന്തപുരം അതിരൂപതയുടെ ഒരു മാതൃകഇടവകയായി വളർന്നുവരുന്നു.

**പുതിയ തീർത്ഥാടന ദൈവാലയം**

ആത്മീയ പൈതൃകത്തോടെ വളർന്നുവന്ന ഇടവകയിൽ അംഗങ്ങളുടെ എണ്ണത്തിലും കാര്യമായ വർദ്ധന സംഭവിച്ചു. ഇപ്പോൾ ഇടവകയിലെ ആകെ കുടുംബങ്ങളുടെ എണ്ണം 99 ആയി. ഒരു വലിയ ദേവാലയം ഉണ്ടാകണമെന്ന ഇടവക സമൂഹത്തിന്റെയും നടമല അച്ചന്റെയും ആഗ്രഹത്തിന് നിറം പകർന്നു കൊണ്ട്

തിരുവനന്തപുരം അതിരൂപതയുടെ മേജർ ആർച്ച് ബിഷപ്പായിരുന്ന അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിൽ നിന്നും ദേവാലയനിർമ്മാണം അത്യന്താപേക്ഷിതമാണെന്ന് ഒരു പ്രസ്താവന ഉണ്ടായി. 2002 ഒക്ടോബർ 22-ാം തീയതി കല്ലിടിൽ കർമ്മം വന്ദ്യ പിതാവ് നിർവഹിച്ചു കൊണ്ട് ദേവാലയത്തിൻറെ നിർമ്മാണം ആരംഭിച്ചു. അങ്ങനെ 2007 മാർച്ച് 17, 18 തീയതികളിൽ അഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവായുടെ കാർമികത്വത്തിൽ പുതിയ പള്ളിയുടെ മൂറോൻ കൂദാശയും പുനഃപ്രതിഷ്ഠയും നടത്തി. ഒരു വലിയ തീർത്ഥാടന ദേവാലയം ഉണ്ടാകണമെന്ന് അതിയായി ആഗ്രഹിച്ച അഭിവന്ദ്യ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവായുടെ തൃപ്പാദത്തിങ്കൽ ഇടവക സമൂഹം ആദരാഞ്ജലികൾ അർപ്പിക്കുന്നു. സാമ്പത്തിക പരാധീനതകളുടേയും പ്രകൃതിക്ഷോഭങ്ങളുടേയും നടുവിൽ ഒട്ടും പതറാതെ പ്രാർത്ഥനയോടെ ദേവാലയ നിർമ്മാണത്തിന് അശ്രാന്ത പരിശ്രമം നടത്തിയ നടമല അച്ചനെയും ഓർക്കുന്നു ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**ഇടവകയിലെ പ്രധാന ദിനങ്ങളും മറ്റുകാര്യങ്ങളും**

ഇടവക സ്ഥാപനദിനം : ആദ്യത്തെ പള്ളി കൂദാശ : 1966 ജനുവരി 1

രണ്ടാമത്തെ പള്ളിക്കൂദാശ : 1975 ജനുവരി 22-ാം ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ്

മൂന്നാമത്തെ പള്ളിക്കൂദാശ : 2007 മാർച്ച് 17, 18 - അഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലിമ്മീസ് കാതോലിക്കാ ബാവാ

ഇടവകയുടെ മധ്യസ്ഥൻ വിശുദ്ധ തോമാശ്ലീഹാ

ഇടവകയിലെ സ്മരണീയ ദിനങ്ങൾ

ഇടവക തിരുനാൾ, പുതുഞായറാഴ്ച, എട്ട് നോമ്പ്, വിശുദ്ധ ഗീവർഗീസ് സഹദാ കുരിശടി പെരുന്നാൾ

ഇടവകയിലെ ആകെ കുടുംബങ്ങൾ : 99

ഇടവകയിൽ നിന്നുള്ള ദൈവവിളികൾ

1. ഫാ. എബ്രഹാം മണ്ണിൽ
2. ഫാ. എബ്രഹാം വാവോലിമേപ്പുറത്ത്
3. ഫാ. അനീഷ് പെഴുംകൂട്ടത്തിൽ
4. ഫാ. ജോൺസൺ പെഴുംകൂട്ടത്തിൽ ഒ.ഐ.സി.
5. സി. ആത്മജ എസ്.ഐ.സി.
6. സി. ഹിത എസ്.ഐ.സി.
7. സി. ജോസീന എസ്.ഐ.സി.

**ഇടവകയിൽ സേവനം അനുഷ്ഠിച്ച വൈദീകർ**

1. ഫാ. സാമുവേൽ തെങ്ങുവിള ( ഇടവക സ്ഥാപകൻ) - 1966
2. ഫാ. വർഗീസ് ഇടത്തിൽ - 1966-1967
3. ഫാ. ഗീവർഗീസ് പെരുമല - 1967-1968
4. ഫാ. ഗീവർഗീസ് മണ്ണിക്കരോട്ട് - 1968-1970

5. ഫാ. ജോർജ് പുറത്തൂട്ട് - 1970 - 1972

6. ഫാ. ഫിലിപ്പോസ് നടമല - 1972 - 2010

7. ഫാ. മൈക്കിൾ വാരിക്കോലിതറയിൽ ഒ.ഐ.സി. - 2010 - 2012

8. ഫാ. ബെന്നി ജോൺ വെളുന്തറ ഒ.ഐ.സി. - 2012 - 2015

9. ഫാ. യേശുദാസ് കല്ലംപൊറ്റ ഒ.ഐ.സി. - 2015 - 2017

10. ഫാ. ജോൺ തുണ്ടിയത്ത് ഒ.ഐ.സി. - 2017 -

ഇടവകയിൽ സേവനം അനുഷ്ഠിച്ച സഹവൈദികർ

1. ഫാ. ദാനിയേൽ തെക്കേടത്ത്
2. ഫാ. ജസ്റ്റിൻ സാം ഒ.ഐ.സി.
3. ഫാ. ജെയിംസ് ഇല്ലിത്തറ ഒ.ഐ.സി.
4. ഫാ. ഡേവിഡ് ഫിലിപ്പ് ഒ.ഐ.സി.

പ്രഥമ ദേവാലയം നിർമ്മാണത്തിൽ മുഖ്യപങ്കുവഹിച്ചവർ

1. ശ്രീ. കുഞ്ഞുമോൻ മലയിൽ
2. ശ്രീ. ശാമുവേൽ പാറക്കൽ
3. ശ്രീ. തോമസ് പതാരത്തിൽ
4. ശ്രീ. കെ.എ. തോമസ് പുതിയപറമ്പിൽ
5. ശ്രീ. എസ്. ചാക്കോ അറാക്കൽ
6. ശ്രീ. കുഞ്ഞുകുട്ടി കരുവാറ്റ